# മനസിനെ ഏകാഗ്രമാക്കി, ഏകാഗ്രതയുടെ ശക്തിയിലൂടെ മാലാഖാ സ്ഥിതിയുടെ അനുഭവം ചെയ്യു

ഇന്ന് സർവ ഖജനാക്കളുടെയും അധികാരി തന്റെ നാനാഭാഗത്തെയും സമ്പന്ന കുട്ടികളെ കാണുകയാണ്. ഓരോ കുട്ടികളെയും സർവ ഖജനാക്കളുടെയും അധികാരിയാക്കിയിരിക്കുന്നു. മറ്റാർക്കും നൽകാനാവാത്തത്ര ഖജനാക്കളാണ് ലഭിച്ചിരിക്കുന്നത്. അപ്പോൾ ഓരോരുത്തരും അവനവനെ ഖജനാക്കളാൽ സമ്പന്നരായി അനുഭവം ചെയ്യുന്നുണ്ടോ?. ഏറ്റവും ശ്രേഷ്ഠ ഖജനാവാണ് ജ്ഞാനത്തിന്റെ ഖജനാവ് ശക്തികളുടെ ഖജനാവ്, ഗുണങ്ങളുടെ ഖജനാവ്, ഒപ്പമൊപ്പം ബാബയിലൂടെയും സർവ ബ്രാഹ്മണാത്മാക്കളിലൂടെയുമുള്ള ആശീർവാദങ്ങളുടെ ഖജനാവ്. അപ്പോൾ പരിശോധിക്കൂ ഈ സർവ ഖജനാക്കളും പ്രാപ്തമാണോ? സർവ ഖജനാക്കളാലും സമ്പന്ന ആത്മാവാരാണോ അവരുടെ ലക്ഷണമാണ് സദാ നയനങ്ങളിലൂടെ, മുഖത്തിലൂടെ, പെരുമാറ്റത്തിലൂടെ സന്തോഷം മറ്റുള്ളവർക്കും കൂടി അനുഭവമാകും. ഏതൊരാത്മാവ് സമ്പർക്കത്തിൽ വന്നാലും അവർ അനുഭവം ചെയ്യും ഈ ആത്മാവ് അലൗകിക സന്തോഷത്താൽ, അലൗകികനിർമോഹിയായി കാണപ്പെടുന്നു. താങ്കളുടെ സന്തോഷത്തെ കണ്ട് മറ്റ് ആത്മാക്കളും കുറച്ചു നേരത്തേക്ക് സന്തോഷം അനുഭവം ചെയ്യും. താങ്കൾ ബ്രാഹ്മണാത്മാക്കളുടെ വെളുത്ത വസ്ത്രം എല്ലാവർക്കും എത്ര വേറിട്ടതും പ്രിയപ്പെട്ടതുമായി തോന്നുന്നതു പോലെ. സ്വച്ഛത, ലാളിത്യം, പവിത്രത അനുഭവമാകുന്നു. ദൂരെ നിന്നേ അറിയുന്നു ഇത് ബ്രഹ്മാകുമാരൻ, കുമാരിയാണ്. ഇങ്ങനെ തന്നെ താങ്കൾ ബ്രാഹ്മണാത്മാക്കളുടെ പെരുമാറ്റത്തിലൂടെയും മുഖത്തിലൂടെയും സദാ സന്തോഷത്തിന്റെ തിളക്കം, സൗഭാഗ്യത്തിന്റെ തിളക്കം കാണപ്പെടട്ടെ. ഇന്ന് സർവ ആത്മാക്കളും മഹാദു:ഖിയാണ്, ഇങ്ങനെയുള്ള ആത്മാക്കൾ താങ്കളുടെ സന്തുഷ്ടമുഖം കണ്ട് പെരുമാറ്റം കണ്ട് ഒരു മണിക്കൂറിന്റെയെങ്കിലും സന്തോഷത്തിന്റെ അനുഭവം ചെയ്യട്ടെ, ദാഹിക്കുന്ന ആത്മാവിന് ഒരു തുള്ളി ജലം പോലും ലഭിക്കുകയാണെങ്കിൽ എത്ര സന്തോഷമാകുന്നു. ഇങ്ങനെയുള്ള സന്തോഷത്തിന്റെ അഞ്ജലി ആത്മാക്കൾക്ക് വളരെ ആവശ്യമാണ്. ഇങ്ങനെ സർവ ഖജനാക്കളാലും സദാ സമ്പന്നമാകട്ടെ. ഓരോ ബ്രാഹ്മണാത്മാവും സ്വയത്തെ സർവ ഖജനാക്കളാലും സദാ നിറഞ്ഞതായി അനുഭവം ചെയ്യുന്നുവോ അതോ ഇടയ്ക്കിടെയോ? ഖജനാക്കൾ അവിനാശിയാണ്, നൽകുന്ന ദാതാവും അവിനാശിയാണെങ്കിൽ നമ്മിലുള്ളതും അവിനാശിയായി വേണം എന്തെന്നാൽ താങ്കളെപ്പോലെ അലൗകിക സന്തോഷം മുഴുവൻ കൽപത്തിൽ താങ്കൾ ബ്രാഹ്മണർക്കല്ലാതെ ആർക്കും പ്രാപ്തമാകുന്നില്ല. ഇത് ഇപ്പോഴത്തെ അലൗകിക സന്തോഷം അരകൽപം പ്രാലബ്ധത്തിന്റെ രൂപത്തിൽ നടക്കുന്നു, അപ്പോൾ എല്ലാവരും സന്തുഷ്ടരാണോ! ഇതിൽ എല്ലാവരും കൈ ഉയർത്തി, നല്ലത് സദാ സന്തുഷ്ടരാണോ? ഇടയ്ക്ക് സന്തോഷം പോകുന്നില്ലല്ലോ? ഇടയ്ക്കിടെ പോകുന്നുണ്ട്! സന്തോഷമായിരിക്കുന്നു എന്നാൽ സദാ ഏകരസം, അതിനാൽ വ്യത്യാസമുണ്ടാകുന്നു. സന്തോഷമായിരിക്കുന്നു എന്നാൽ ശതമാനത്തിൽ അന്തരം വന്നുചേരുന്നു.

ബാപ്ദാദ ഓട്ടോമാറ്റിക് ടിവിയിലൂടെ എല്ലാ കുട്ടികളുടെയും മുഖം കണ്ടുകൊണ്ടിരിക്കുകയാണ്. അപ്പോൾ എന്താണ് കാണപ്പെടുന്നത്? ഒരു ദിവസം താങ്കളും തന്റെ സന്തോഷത്തിന്റെ ചാർട്ട് പരിശോധിക്കു അമൃതവേള മുതൽ രാത്രി വരെ എന്താ ഒരേ പോലെയാണോ സന്തോഷത്തിന്റെ ശതമാനം? അതോ മാറുന്നുണ്ടോ?പരിശോധിക്കാൻ അറിയാമല്ലോ,ഇന്നത്തെ കാലത്ത് നോക്കൂ സയൻസ് പോലും പരിശോധിക്കുവാനുള്ള യന്ത്രം വളരെ തീവ്രമാക്കിയിരിക്കുകയാണ്. അപ്പോൾ താങ്കളും പരിശോധിക്കൂ അവിനാശിയാക്കൂ. എല്ലാ കുട്ടികളുടെയും വർത്തമാനപുരുഷാർത്ഥം ബാപ്ദാദയും പരിശോധിച്ചു. പുരുഷാർത്ഥം എല്ലാവരും ചെയ്യുന്നുണ്ട് ചിലർ യഥാശക്തി ചിലർ ശക്തിശാലി. അപ്പോൾ ബാപ്ദാദ ഇന്ന് എല്ലാ കുട്ടികളുടെയും മനസ്സിന്റെ സ്ഥിതിയെ പരിശോധിച്ചു എന്തെന്നാൽ അടിസ്ഥാനമാണ് മന്മനാഭവ. സേവനത്തിലും നോക്കുകയാണെങ്കിൽ മനസാ സേവനം ശ്രേഷ്ഠ സേവനമാണ്. പറയുന്നുമുണ്ട് മൻജീത്ത് ജഗത്ജീത്. അപ്പോൾ മനസ്സിന്റെ ഗതിയെ പരിശോധിച്ചു. എന്താണ് കണ്ടത്? മനസ്സിന്റെ അധികാരിയായി മനസ്സിനെ നടത്തുന്നു എന്നാൽ ഇടയ്ക്കിടെ മനസ്സ താങ്കളെയും നടത്തുന്നു. മനസ്സ പരവശവും ആക്കുന്നു. ബാപ്ദാദ കണ്ടു മനസ്സുകൊണ്ട് മുഴുകുന്നുണ്ട് എന്നാൽ മനസ്സിന്റെ സ്ഥിതി ഏകാഗ്രമാകുന്നില്ല.

വർത്തമാന സമയം മനസ്സിന്റെ ഏകാഗ്രത ഏകരസ സ്ഥിതിയുടെ അനുഭവം ചെയ്യിക്കും. ഇപ്പോൾ റിസൾട്ടിൽ കണ്ടു മനസ്സിനെ ഏകാഗ്രമാക്കുവാൻ ആഗ്രഹിക്കുന്നുണ്ട് എന്നാൽ ഇടയ്ക്കിടെ അലഞ്ഞു നടക്കുന്നു. ഏകാഗ്രതയുടെ ശക്തി അവ്യക്ത മാലാഖാസ്ഥിതിയുടെ അനുഭവം സഹജമായി ചെയ്യിക്കും. മനസ്സ് അലയുന്നു, വ്യർത്ഥകാര്യങ്ങളിൽ ആകട്ടെ, വ്യർത്ഥ സങ്കല്പങ്ങളിൽ ആകട്ടെ, വ്യർത്ഥവ്യവഹാരത്തിൽ ആകട്ടെ. ചില ചിലർക്ക് ശരീരത്തിൽ നിന്ന് പോലും ഏകാഗ്രമായി ഇരിക്കുവാനുള്ള ശീലം ഉണ്ടാകുന്നില്ല ചിലർക്ക് ഉണ്ടാകുന്നു. അപ്പോൾ മനസ്സ് എവിടെ വേണമോ എങ്ങനെ വേണമോ എത്ര സമയം

വേണമോ അത്രയും ഇങ്ങനെ ഏകാഗ്രമാകുക ഇതിനെയാണ് പറയുന്നത് മനസ്സ് വശത്താണ്. ഏകാഗ്രതയുടെ ശക്തി, അധികാരിയുടെ ശക്തി സഹജമായി നിർവിഘ്നമാക്കി മാറ്റുന്നു. യുദ്ധം ചെയ്യേണ്ടി വരുന്നില്ല. ഏകാഗ്രതയുടെ ശക്തിയിലൂടെ സ്വതവേ തന്നെ ഒരു ബാബ രണ്ടാമതൊരാളില്ല ഈ അനുഭൂതി ഉണ്ടാകുന്നു. സ്വതവേ ഉണ്ടാകും പരിശ്രമം ചെയ്യേണ്ടി വരില്ല. ഏകാഗ്രതയുടെ ശക്തിയിലൂടെ സ്വതവേ തന്നെ ഏകരസ മാലാഖ സ്വരൂപത്തിന്റെ അനുഭൂതി ഉണ്ടാകുന്നു. ബ്രഹ്മാബാബയോട് സ്നേഹമില്ലേ അപ്പോൾ ബ്രഹ്മാബാബയ്ക്ക് സമാനമാകുക, അർത്ഥം മാലാഖ ആകുക. ഏകാഗ്രതയുടെ ശക്തിയിലൂടെ സ്വതവേ തന്നെ സർവ്വരെയും പ്രതി സ്നേഹം, മംഗളം, ബഹുമാനത്തിന്റെ മനോവൃത്തി ഉണ്ടായിരിക്കുക തന്നെയാണ്. എന്തെന്നാൽ ഏകാഗ്രത അർത്ഥം സ്വമാനത്തിന്റെ സ്ഥിതി. മാലാഖാസ്ഥിതി സ്വമാനമാണ്. ബ്രഹ്മാബാബയെ കണ്ടതുപോലെ വർണ്ണിക്കുന്നുമുണ്ട് സമ്പന്നതയുടെ സമയം സമീപം വന്നുകൊണ്ടിരുന്നപ്പോൾ എന്തു കണ്ടു? നടക്കുമ്പോഴും കറങ്ങുമ്പോഴും മാലാഖ രൂപം, ദേഹ ബോധ രഹിതം. ദേഹത്തിന്റെ തോന്നൽ വന്നിരുന്നുവോ? മുന്നിലൂടെ പോയിക്കൊണ്ടിരുന്നപ്പോൾ ദേഹം കാണാമായിരുന്നുവോ അതോ മാലാഖാരൂപം അനുഭവമായിരുന്നുവോ? കർമ്മം ചെയ്തു കൊണ്ടും സംഭാഷണം നടത്തിക്കൊണ്ടും നിർദ്ദേശം നൽകിക്കൊണ്ടും ഉണർവുത്സാഹം വർധിപ്പിച്ചു കൊണ്ടും ദേഹത്തിൽ നിന്ന് വേറിട്ട സൂക്ഷ്മ പ്രകാശരൂപത്തിന്റെ അനുഭൂതി ചെയ്തു. പറയുന്നില്ലേ ബ്രഹ്മബാബ സംസാരിച്ചിരിക്കവേ ഇങ്ങനെ തോന്നുമായിരുന്നു സംസാരിച്ചുകൊണ്ടിരിക്കുകയാണ് എന്നാൽ ഇവിടെയേ ഇല്ല, നോക്കിക്കൊണ്ടിരിക്കുന്നുണ്ട് എന്നാൽ ദൃഷ്ടി അലൗകികമാണ്. ഇത് സ്ഥൂല ദൃഷ്ടി അല്ല. ദേഹ ബോധത്തിൽ നിന്ന് വേറിട്ട മറ്റുള്ളവർക്കും ദേഹത്തിന്റെ ബോധം വന്നില്ല, വേറിട്ട രൂപം കാണപ്പെടുന്നു ദേഹത്തിൽ ഇരുന്നുകൊണ്ടും മാലാഖ സ്വരൂപം. ഓരോ കാര്യത്തിലും മനോവൃത്തിയിലും ദൃഷ്ടിയിലും കർമ്മത്തിലും നിർമോഹത്വം അനുഭവപ്പെടുന്നു. ഇവർ സംസാരിച്ചുകൊണ്ടിരിക്കുകയാണ് എന്നാൽ വേറിട്ട സ്നേഹിയായി തോന്നുന്നു. ആത്മീയ സ്നേഹി. മാലാഖാ സ്ഥിതിയുടെ അനുഭൂതി സ്വയം ചെയ്യുന്നു മറ്റുള്ളവർക്കും ചെയ്യിക്കുന്നു എന്തെന്നാൽ മാലാഖ ആകാതെ ദേവത ആവുക സാധ്യമല്ല. മാലാഖയിൽ നിന്നാണ് ദേവത. അപ്പോൾ നമ്പർ വൺ ബ്രഹ്മാവിന്റെ ആത്മാവ് പ്രത്യക്ഷ രൂപത്തിലും മാലാഖാജീവിതത്തിന്റെ അനുഭവം ചെയ്യിച്ചു. മാലാഖാസ്വരൂപം ആയി തീർന്നു. അതേ മാലാഖ രൂപത്തിനൊപ്പം താങ്കൾ ഏവർക്കും മാലാഖയായി പരമധാമത്തിലേക്ക് പോകണം. അപ്പോൾ ഇതിന് വേണ്ടി മനസ്സിന്റെ ഏകാഗ്രതയിൽ ശ്രദ്ധ നൽകു. ആജ്ഞയിലൂടെ മനസ്സിനെ നടത്തു. ചെയ്യണമെങ്കിൽ മനസ്സ് ആജ്ഞ നൽകണം. എന്നാൽ ചെയ്യേണ്ടതില്ല പക്ഷേ മനസ്സ് ചെയ്യാൻ പറയുകയാണ് എങ്കിൽ ഇത് അധികാരമല്ല. ഇപ്പോൾ പല കുട്ടികളും പറയുന്നു ആഗ്രഹിക്കുന്നില്ല എന്നാൽ സംഭവിച്ചു പോയി, വിചാരിച്ചില്ല എന്നാൽ സംഭവിച്ചു പോയി, ചെയ്യേണ്ടതില്ല എന്നാൽ സംഭവിച്ചു പോകുന്നു ഇതാണ് മനസ്സിന് വശീഭൂതമാകുന്ന അവസ്ഥ. അപ്പോൾ ഇങ്ങനെയുള്ള അവസ്ഥ നല്ലതായി തോന്നുന്നില്ലല്ലോ! ഫോളോ ബ്രഹ്മാബാബ. ബ്രഹ്മ ബാബയെ കണ്ടു മുന്നിൽ നിൽക്കുന്നുണ്ടായിട്ടും എന്താണ് അനുഭവമായിരുന്നത്? മാലാഖ നിൽക്കുകയാണ് മാലാഖ ദൃഷ്ടി നൽകുകയാണ്. അപ്പോൾ മനസ്സിന്റെ ഏകാഗ്രതയുടെ ശക്തി സഹജമായി മാലാഖയാക്കും. ബ്രഹ്മാബാബയും കുട്ടികളോട് ഇതാണ് പറയുന്നത് സമാനമാകു. ശിവബാബ പറയുന്നു നിരാകാരിയാകൂ, ബ്രഹ്മാബാബ പറയുന്നു മാലാഖയാകൂ. അപ്പോൾ എന്താണ് മനസ്സിലാക്കുന്നത്? റിസൾട്ടിൽ എന്തു കണ്ടു? മനസ്സിന്റെ ഏകാഗ്രത കുറവാണ്. ഇടയ്ക്കിടെ വളരെയധികം ചുറ്റിക്കറങ്ങുന്നുണ്ട് മനസ്സ് അലയുകയാണ്. എവിടേക്ക് പോകേണ്ടതില്ലയോ അവിടേക്ക് പോകുന്നു എങ്കിൽ അതിനെ എന്താണ് പറയുക? അലയുക എന്ന് പറയുമല്ലോ! അപ്പോൾ ഏകാഗ്രതയുടെ ശക്തിയെ വർദ്ധിപ്പിക്കു. അധികാരത്തിന്റെ സ്റ്റേജിന്റെ സീറ്റിൽ സെറ്റ് ആയിരിക്കു. എപ്പോഴാണോ സെറ്റ് ആകുന്നത് അപ്പോൾ അപ്സെറ്റ് ആവുകയില്ല, സെറ്റ് അല്ല എങ്കിൽ അപ്സെറ്റ് ആകുന്നു. ഭിന്നഭിന്നമായ ശ്രേഷ്ഠ സ്ഥിതികളുടെ സീറ്റിൽ സെറ്റ് ആയിരിക്കു, ഇതിനെ പറയുന്നു ഏകാഗ്രതയുടെ ശക്തി. ശരിയാണോ? ബ്രഹ്മ ബാബയോട് സ്നേഹം ഇല്ലേ! എത്ര സ്നേഹമുണ്ട്? എത്രയാണ്? വളരെ സ്നേഹമാണ്! അപ്പോൾ സ്നേഹത്തിന്റെ പ്രതികരണമായി ബാബയ്ക്ക് എന്താണ് നൽകിയിട്ടുള്ളത്? ബാബയ്ക്കും സ്നേഹമാണ് അതുകൊണ്ടാണല്ലോ താങ്കൾക്കും സ്നേഹമുള്ളത്! അപ്പോൾ പകരമായി എന്ത് നൽകി? സമാനമാകുക ഇതാണ് പകരം. ശരി

ഡബിൾ വിദേശികളും വന്നിരിക്കുന്നു. നല്ലതാണ്. ഡബിൾ വിദേശികളിലൂടെയും മധുബന്റെ അലങ്കാരം വർദധിക്കുന്നു. ഇൻറർനാഷണൽ ആകുകയാണല്ലോ! നോക്കൂ മധുബനിൽ വിംഗുകളുടെ സേവനം നടക്കുന്നു അതിലൂടെയാണ് നാനാഭാഗത്തും ശബ്ദം വ്യാപിക്കുന്നത്. എപ്പോൾ മുതലാണോ ഈ വിംഗുകളുടെ സേവനം ആരംഭിച്ചത് അപ്പോൾ മുതൽക്കാണ് വി ഐ പി ക്വാളിറ്റി സേവനം ആരംഭിച്ചത്. വിവി ഐ പിയുടെ കാര്യം വിടു, അവർക്ക് എവിടെയാണ് സമയം ഉള്ളത്. വലിയ വലിയ പരിപാടികൾ ചെയ്തിട്ടുണ്ട് അതിലൂടെയും ശബ്ദം പരക്കുന്നു. ഇപ്പോൾ ഡൽഹിയും കൊൽക്കത്തയും ചെയ്തുകൊണ്ടിരിക്കുകയല്ലേ! നല്ല പദ്ധതി ഉണ്ടാക്കി കൊണ്ടിരിക്കുന്നു. പരിശ്രമവും നന്നായി ചെയ്തുകൊണ്ടിരിക്കുന്നു. ബാപ്ദാദയുടെ അടുക്കൽ വാർത്ത എത്തിച്ചേരുന്നുണ്ട്. ഡൽഹിയുടെ ശബ്ദം വിദേശം വരെ എത്തണം. മാ

ധ്യമങ്ങൾ എന്താണ് ചെയ്യുന്നത്? കേവലം ഭാരതം വരെ. വിദേശത്തുനിന്ന് ശബ്ദം വന്നു ഡൽഹിയിൽ ഈ പരിപാടി ഉണ്ടായി കൽക്കത്തയിൽ ഈ പരിപാടി ഉണ്ടായി. എങ്ങനെ അവിടെ നിന്നും ശബ്ദം ഇന്ത്യയിലേക്ക് വരട്ടെ. ഇന്ത്യയുടെ കുംഭകർണ്ണൻ വിദേശം മുതൽ ഉണരണമല്ലോ.! അപ്പോൾ വിദേശത്തിന്റെ വാർത്തയ്ക്ക് മഹത്വം ഉണ്ട്. പരിപാടി ഭാരതത്തിലാണ് വാർത്ത വിദേശത്തെ മാധ്യമങ്ങളിൽ നിന്ന് എത്തട്ടെ, അപ്പോൾ ശബ്ദം വ്യാപിക്കുന്നു. ഭാരതത്തിന്റെ ശബ്ദം വിദേശത്ത് എത്തട്ടെ, വിദേശത്തെ ശബ്ദം ഭാരതത്തിൽ എത്തട്ടെ അതിന് പ്രഭാവമുണ്ട്. നല്ലത്. എന്ത് പരിപാടി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു നന്നായി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ബാപ്ദാദ ഡൽഹിക്കാർക്കും പ്രേമത്തിന്റെ പ്രയത്നത്തിന് ആശംസകൾ നേരുന്നു. കൽക്കത്തക്കാർക്കും അഡ്വാൻസായി ആശംസകൾ എന്തെന്നാൽ സഹയോഗം, സ്നേഹം, ധൈര്യം മൂന്നു കാര്യങ്ങളും കൂടിച്ചേരുമ്പോഴാണ് ശബ്ദം മുഴങ്ങുന്നത്. ശബ്ദം മുഴങ്ങും എന്തുകൊണ്ട് മുഴങ്ങില്ല. ഇപ്പോൾ മീഡിയക്കാർ ഈ അത്ഭുതം ചെയ്യണം എല്ലാവരും ടിവിയിൽ കണ്ടു, ഇത് ടിവിയിൽ വന്നു, ഇത് മാത്രമല്ല. ഇത് ഭാരതത്തിൽ മാത്രമല്ല. ഇനി വിദേശത്തേക്കും എത്തിക്കണം. ഇപ്പോൾ കാണാം ഈ വർഷം ശബ്ദം മുഴങ്ങുന്നതിനായി എത്ര ധൈര്യത്തോടെ ഉഷാറോടെ ഉശിരോടെ ആഘോഷിക്കുന്നു എന്ന് കാണാം. ബാപ്ദാദയ്ക്ക് വാർത്ത കിട്ടി ഡബിൾ വിദേശികൾക്ക് വളരെ ഉത്സാഹം ഉണ്ട്. അല്ലേ. നല്ലതാണ്. പരസ്പരം കാണുമ്പോൾ ഇനിയും ഉത്സാഹം വരുന്നു, ആരാണോ തുടങ്ങിവയ്ക്കുന്നത് അവർ ബ്രഹ്മാസമാനം. നല്ലതാണ്. ദാദിക്കും സങ്കല്പം വരുന്നു, ബിസി ആക്കുന്നതിന്റെ മാർഗ്ഗം നന്നായി അറിയാം. നല്ലത്, നിമിത്തം അല്ലേ.

ശരി എല്ലാവരും പറക്കുന്ന കലയുള്ളവരല്ലേ? പറക്കുന്ന കല വേഗതയുള്ള കലയാണ്. നടക്കുന്ന കല, കയറുന്ന കല ഇവ വേഗതയുള്ള കലയല്ല. പറക്കുന്ന കലാ വേഗവും ആണ് ഒന്നാമതെത്തിക്കുന്നതും ആണ്. ശരി

മാതാക്കൾ എന്തു ചെയ്യും? മാതാക്കൾ തന്റെ സമാനക്കാരെ ഉണർത്തു. ഏറ്റവും കുറഞ്ഞത് പരാതി പറയാനായി ഒരു മാതാക്കളും ഉണ്ടാവാതിരിക്കട്ടെ. മാതാക്കളുടെ സംഖ്യ എപ്പോഴും കൂടുതലായിരിക്കുന്നു. ബാപ്ദാദക്ക് സന്തോഷമാണ് ഈ ഗ്രൂപ്പിൽ എല്ലാവരുടെയും സംഖ്യ നന്നായി വന്നിട്ടുണ്ട്. കുമാരൻമാരുടെ സംഖ്യയും നന്നായി വന്നിട്ടുണ്ട്. നോക്കൂ കുമാരൻ തന്റെ തരക്കാരെ ഉണർത്തു. നല്ലത്. കുമാരൻ ഈ അത്ഭുതം കാണിക്കട്ടെ സ്വപ്ന മാത്ര പോലും പവിത്രതയിൽ പരിപക്വമാണ്. ബാപ്ദാദ വിശ്വത്തിൽ വെല്ലുവിളിച്ച് പറഞ്ഞു ബ്രഹ്മകുമാരൻ, യൂത്ത് കുമാരൻ, ഡബിൾകുമാരൻ അല്ലേ. ബ്രഹ്മാകുമാരനും ആണ് ശരീരം കൊണ്ടും കുമാരൻ ആണ്. അപ്പോൾ പവിത്രതയുടെ പരിഭാഷ പ്രത്യക്ഷത്തിൽ കാണിക്കണം. അപ്പോൾ ഓർഡർ ചെയ്യട്ടെ താങ്കളെ പരിശോധിക്കട്ടെ പവിത്രതയിൽ. ചെയ്യട്ടെ ഓർഡർ? ഇതിൽ കൈ ഉയർത്തുന്നില്ല. മെഷീനുകൾ ഉണ്ട് പരിശോധിക്കുന്നതിന്. സ്വപ്നത്തിൽ പോലും വരാൻ അപവിത്രതയ്ക്ക് ധൈര്യം വരരുത്. കുമാരിമാർക്കും ഇങ്ങനെയാകണം. കുമാരി അർത്ഥം പൂജ്യ പവിത്രകുമാരി. കുമാരന്മാരും കുമാരന്മാരും ബാപ്ദാദയ്ക്ക് ഇത് വാക്ക് തരണം ഞങ്ങളെല്ലാം ഇത്രയും പവിത്രമാണ് സ്വപ്നത്തിൽ പോലും അപവിത്ര സങ്കല്പം വരികയില്ല. അപ്പോൾ കുമാരന്മാരുടെയും കുമാരിമാരുടെയും പവിത്രതയുടെ സെറിമണി ആഘോഷിക്കും. ഇപ്പോൾ കുറേശ്ശെ കുറേശ്ശെ ഉണ്ട്, ബാപ്ദാദയ്ക്ക് അറിയാം . അപവിത്രതയുടെ അവിദ്യ ആകണം എന്തെന്നാൽ പുതിയ ജന്മമെടുത്തുവല്ലോ. പവിത്രത താങ്കളുടെ കഴിഞ്ഞ ജന്മത്തെ കാര്യമാണ്. മർജീവ ജന്മം, ജന്മം തന്നെ ബ്രഹ്മാമുഖത്തിലൂടെ പവിത്ര ജന്മമാണ്. അപ്പോൾ പവിത്ര ജന്മത്തിന്റെ മര്യാദ വളരെ ആവശ്യമാണ്. കുമാർ കുമാരിമാർക്ക് ഈ കൊടി പാറിക്കണം. പവിത്രമാണ്, പവിത്ര സംസ്കാരം വിശ്വത്തിൽ പടർത്തും ഈ മുദ്രാവാക്യം വരട്ടെ. കേട്ടോ കുമാരിമാർ. കുമാരിമാർ എത്രയാണ്. ഇപ്പോൾ കാണാം കുമാരിമാർ ഈ ശബ്ദം പടർത്തുമോ അതോ കുമാരന്മാരോ? ബ്രഹ്മാബാബയെ ഫോളോ ചെയ്യൂ. അപവിത്രതയുടെ പേരടയാളം ഇല്ല ബ്രാഹ്മണ ജീവിതം എന്നാൽ ഇതാണ്. മാതാക്കളിലും മോഹം ഉണ്ട് എങ്കിൽ അപവിത്രതയാണ്. മാതാക്കളും ബ്രാഹ്മണരാണല്ലോ. അപ്പോൾ മാതാക്കളിലും അരുത്,കുമാരിമാരിലും അരുത്, കുമാരന്മാരിലും അരുത്, അധർ കുമാരിമാരിലും അരുത്. ബ്രാഹ്മണൻ എന്നാൽ തന്നെ പവിത്ര ആത്മാവ്. അഥവാ അപവിത്രതയുടെ എന്തെങ്കിലും കാര്യമുണ്ടാവുകയാണെങ്കിൽ അത് വലിയ പാപമാണ്. ഈ പാപത്തിന്റെ ശിക്ഷ വളരെ കടുത്തതാണ്. ഇങ്ങനെ കരുതരുത് ഇതൊക്കെ നടക്കുന്നതാണ്. കുറച്ചൊക്കെ നടക്കും. ഇല്ല. ഇത് ആദ്യ വിഷയമാണ്. നവീനത തന്നെ പവിത്രതയുടെതാണ്. ബ്രഹ്മ ബാബ അഥവാ ആക്ഷേപങ്ങൾ സഹിച്ചു എങ്കിൽ അത് പവിത്രതയുടെ കാരണത്താലാണ്. സംഭവിച്ചു പോയി ഇങ്ങനെ വിടരുത്. അലസരാകരുത് ഇതിൽ. ഏതൊരു ബ്രാഹ്മണനും സറണ്ടർ ആകട്ടെ, സേവാധാരി ആകട്ടെ, കുടുംബസ്ഥരാകട്ടെ, ഈ കാര്യത്തിൽ ധർമ്മരാജനും വിടുകയില്ല. ബ്രഹ്മാബാബയും ധർമ്മരാജന് ഒപ്പം നിൽക്കും അതിനാൽ കുമാരൻ, കുമാരിമാർ എവിടെ ആയാലും മധുബനിലാകട്ടെ, സെൻററിൽ ആകട്ടെ എന്നാൽ ഇതിന്റെ മുറിവ് സങ്കൽപ്പ മാത്രയുടെ മുറിവാണെങ്കിലും വളരെ വലിയ മുറിവാണ്. ഗീതം പാടുന്നുണ്ടല്ലോ പവിത്ര മനസ്സ് വയ്ക്കു പവിത്ര ശരീരം വെക്കൂ... ഗീതം ഇല്ലേ താങ്കളുടെ. അപ്പോൾ മനസ്സ് പവിത്രമാണെങ്കിൽ ജീവിതം പവിത്രമാണ്. ഇതിൽ ലഘുവാകരുത്. കു

റച്ച് ചെയ്താൽ എന്താണ്! കുറച്ചല്ല വളരെയാണ്. ബാപ്ദാദ ഔദ്യോഗികമായി സൂചന നൽകുകയാണ് ഇതിൽ രക്ഷപ്പെടുവാൻ ആകില്ല. ഇതിന്റെ കർമ്മ കണക്ക് നല്ല രീതിയിൽ എടുക്കും, ആര് തന്നെയായാലും അതിനാൽ സൂക്ഷിക്കുക, ജാഗ്രത. കേട്ടോ എല്ലാവരും ശ്രദ്ധയോടെ രണ്ടു കാതുകളും തുറന്നു കേൾക്കുക. മനോവൃത്തിയിലും സ്പർശിക്കരുത്. ദൃഷ്ടിയിലും സ്പർശനം അരുത്. സങ്കല്പത്തിൽ ഇല്ല എങ്കിൽ വൃത്തിയിലും ദൃഷ്ടിയിലും എന്താകാനാണ്! എന്തെന്നാൽ സമയം സമ്പന്നതയുടേത് സമീപം വരികയാണ്, തീർത്തും ശുദ്ധമാകുന്നതിന്. അതിൽ ഈ സാധനം മുഴുവൻ വെളുത്ത കടലാസിൽ കറുത്ത കറയാണ്. ശരി ആര് എവിടെ നിന്ന് വന്നതായാലും എല്ലാ ഭാഗത്തുനിന്നും വന്നിട്ടുള്ള കുട്ടികൾക്ക് ആശംസകൾ.

ശരി മനസ്സിനെ ആജ്ഞയിൽ നടത്തു. സെക്കൻഡിൽ എവിടെ വേണമോ അവിടെക്ക് മനസ്സ് മുഴുകട്ടെ ഇരിക്കട്ടെ. ഈ വ്യായാമം ചെയ്യു. (ഡ്രിൽ ) ശരി പല സ്ഥലത്തും കുട്ടികൾ കേട്ടുകൊണ്ടിരിക്കുകയാണ്. ഓർമ്മിക്കുന്നുമുണ്ട്, കേട്ടുകൊണ്ടിരിക്കുന്നുമുണ്ട്. ഇതുകേട്ട് സന്തോഷിക്കുന്നുമുണ്ട്. സയൻസിന്റെ സാധനങ്ങൾ വാസ്തവത്തിൽ താങ്കൾ കുട്ടികൾക്ക് സുഖം നൽകുന്നതിന് വേണ്ടിയാണ്.

നാനാഭാഗത്തെയും സർവ്വ ഖജനാക്കളാലും സദാ സമ്പന്നമായ കുട്ടികൾക്ക്, സദാ സൗഭാഗ്യശാലി, സന്തുഷ്ട മുഖവും പെരുമാറ്റത്തിലൂടെയും സന്തോഷത്തിന്റെ അഞ്ജലി നൽകുന്നവരായ വിശ്വമംഗളകാരി കുട്ടികൾക്ക്, സദാ മനസ്സിന്റെ അധികാരിയായി ഏകാഗ്രതയുടെ ശക്തിയിലൂടെ മനസ്സിനെ നിയന്ത്രിക്കുന്ന മൻജീത്ത് ജഗദ്ജിത്ത് കുട്ടികൾക്ക്, സദാ ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷതയായ പവിത്രതയുടെ വ്യക്തിത്വത്തിൽ കഴിയുന്ന പവിത്ര ബ്രാഹ്മണ ആത്മാക്കൾക്ക്, സദാ ഡബിൾ ലൈറ്റായി മാലാഖ ജീവിതത്തിൽ ബ്രഹ്മാബാബയെ ഫോളോ ചെയ്യുന്ന ഇങ്ങനെയുള്ള ബ്രഹ്മാബാബയ്ക്ക് സമാന കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണയും നമസ്തേയും. നാനാവശത്തും കേൾക്കുന്ന, ഓർമിക്കുന്ന സർവ്വ കുട്ടികൾക്കും വളരെ വളരെ ഹൃദയത്തിന്റെ ആശീർവാദങ്ങൾ സഹിതം സ്നേഹ സ്മരണയും, സർവ്വർക്കും നമസ്തേയും.

## വരദാനം : സാകാര ബാബയെ ഫോളോ ചെയ്ത് നമ്പർ വൺ നേടുന്ന സമ്പൂർണ്ണ മാലാഖയായി ഭവിക്കട്ടെ.

നമ്പർവൺ ആയി വരാനുള്ള സഹജ മാർഗമാണ് നമ്പർ വണ്ണായ ബ്രഹ്മബാബ ആ ഒന്നിനെ നോക്കൂ. അനേകരെ നോക്കുന്നതിന് പകരം ഒന്നിനെ നോക്കൂ ഒന്നിനെ ഫോളോ ചെയ്യൂ. ഹം സോ ഫരിസ്ഥ എന്ന മന്ത്രം പക്കയാക്കിയാൽ വ്യത്യാസം ഇല്ലാതായിക്കോളും, പിന്നെ സയൻസിന്റെ യന്ത്രം തന്റെ ജോലി ആരംഭിക്കും, താങ്കൾ സമ്പൂർണ്ണ മാലാഖ ദേവതകളായി പുതിയ ലോകത്ത് അവതരിക്കും. അപ്പോൾ സമ്പൂർണ്ണ മാലാഖ ആവുക അർത്ഥം സാകാര ബ്രഹ്മാബാബയെ ഫോളോ ചെയ്യുക.

## സ്ലോഗൻ – ബഹുമാനത്തെ ത്യാഗം ചെയ്യുന്നതിലൂടെ സർവ്വരാലും അംഗീകരിക്കപ്പെടാനുള്ള ഭാഗ്യം അടങ്ങിയിട്ടുണ്ട്

**തന്റെ ശക്തിശാലി മനസ്സിലൂടെ സകാശ് നൽകുന്നതിന്റെ സേവനം ചെയ്യു**
ബാപ്ദാദയ്ക്ക് ദയ തോന്നുന്നതുപോലെ താങ്കൾ കുട്ടികളും മാസ്റ്റർ ദയാമനസ്കരായി മനസാ തന്റെ മനോവൃത്തിയിലൂടെ അന്തരീക്ഷത്തിലൂടെ ആത്മാക്കൾക്ക് ബാബയിൽ നിന്നും ലഭിച്ചിട്ടുള്ള ശക്തികൾ നൽകു. കുറച്ച് സമയത്തിൽ മുഴുവൻ വിശ്വത്തിന്റെ സേവനം സമ്പന്നമാക്കണമെങ്കിൽ, തത്വങ്ങൾ സഹിതം എല്ലാവരെയും പാവനം ആക്കണമെങ്കിൽ തീവ്രഗതിയിലൂടെ സേവനം ചെയ്യൂ.